**പതിനാലാം കേരള നിയമസഭ**

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1265

02.03.2017 ന്നുപടി നൽകേണ്ടിയിരുന്നത്

# സെറികൾച്ചർ കോഴ്സ്

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് വി. എച്ച്. എസ്. ഇ. സ്കൂളുകളിൽ നിലവിലുള്ള സെറികൾച്ചർ കോഴ്സ് മാറ്റി, പുതിയ കോഴ്സ് ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) ഉണ്ട്. വി.എച്ച്.എസ്.ഇ വകുപ്പിലെ പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് സെറികൾച്ചർ, നഴ്സറി മാനേജ് മെന്റ് ആന്റ് ഓർണമെന്റൽ ഗാർഡനിംഗ് എന്നീ കോഴ്സുകൾ സംയോജിപ്പിച്ചുകൊണ്ട്, അഗ്രി ബിസിനസ് ആന്റ് ഫാം സർവീസസ് എന്ന പുതിയ കോഴ്സ് ആരംഭിച്ചു. |
| (ബി) വി. എച്ച്. എസ്. ഇ. സ്കൂളുകളിലെ സെറികൾച്ചർ കോഴ്സുമായി ബന്ധപ്പെട്ട ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികകളിലേക്കുള്ള നിയമനത്തിന് പി. എസ്. സി. റാങ്ക് ലിസ്റ്റ് തയ്യാറാക്കിയ തായി അറിവുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ; നിലവിൽ ഈ തസ്തികയിൽ എത്ര ഒഴിവുണ്ടെന്നും അറിയിക്കാമോ;<br><br>(സി) ഈ റാങ്ക് ലിസ്റ്റിൽ നിന്ന് ഇതുവരെ ആർക്കെങ്കിലും നിയമനം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;<br><br>(ഡി) ടി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ഒഴിവുള്ള തസ്തികയിൽ നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) (സി) & (ഡി) വി. എച്ച്. എസ്. ഇ വകുപ്പിലെ ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് അഗ്രികൾച്ചർ (സെറികൾച്ചർ) തസ്തികയുടെ പി.എസ്.സി റാങ്ക് പട്ടിക നിലവിലുണ്ട്. മുഖ്യപട്ടികയിൽ 40 ഉം ഉപപട്ടികകളിലായി 4ഉം ഉൾപ്പെടെ ആകെ 44 പേർ റാങ്ക് പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ 2015 ലെ വി.എച്ച്.എസ്.ഇ പാഠ്യപദ്ധതി പരിഷ്കരണം നടത്തിയപ്പോൾ അഗ്രികൾച്ചർ (സെറികൾച്ചർ), അഗ്രികൾച്ചർ (നഴ്സറി മാനേജ് മെന്റ് ആന്റ് ഓർണമെന്റൽ ഗാർഡനിംഗ് )എന്നീ കോഴ്സുകൾ സംയോജിപ്പിച്ചു കൊണ്ട്, അഗ്രി ബിസിനസ് ആന്റ് ഫാം സർവീസസ് എന്ന പുതിയ കോഴ്സ് നിലിവിൽ വന്നിട്ടുണ്ട്. അപ്രകാരം അഗ്രികൾച്ചർ (സെറികൾച്ചർ) കോഴ്സ് ഇപ്പോൾ നിലവിലില്ലാത്തതിനാൽ ടി റാങ്ക് പട്ടികയിൽ നിന്നും നിയമനം നടത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | ഇതു സംബന്ധിച്ച മേൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർ സമർപ്പിച്ച അപേക്ഷയിന്മേൽ (ഫയൽ നം: 694782/SC1/2016/Gdn) എന്ത് തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളതെന്നും അറിയിക്കാമോ? | (ഇ) | ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി വി.എച്ച്.എസ്.ഇ. ഡയറക്ടറേറ്റിലേക്ക് അപേക്ഷ അയച്ചിരുന്നു. എന്നാൽ 2015 മുതൽ വി.എച്ച്.എസ്.ഇ യിൽ ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ തസ്തിക കോഴ്സ് അടിസ്ഥാനത്തിലാക്കുകയും പാഠ്യപദ്ധതി പരിഷ്കരണത്തെത്തുടർന്ന് അഗ്രികൾച്ചർ (സെറികൾച്ചർ) കോഴ്സ് ഇല്ലാതാവുകയും ചെയ്ത സാഹചര്യത്തിൽ ടി അപേക്ഷയിൽ വകുപ്പുതലത്തിൽ പ്രത്യേക നടപടി ആവശ്യമുണ്ടായിരുന്നില്ല. |

സെക്ഷൻ ഓഫീസർ